**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **10-06-2024 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ& റെസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | i) മല്ലപ്പള്ളി(പത്തനംതിട്ട ജില്ല)<br>ii) അട്ടപ്പാടി(പാലക്കാട് ജില്ല)<br>iii)കൊണ്ടോട്ടി(മലപ്പുറം ജില്ല)<br>iv) തിരൂരങ്ങാടി(മലപ്പുറം ജില്ല)<br>v) വെള്ളരിക്കുണ്ട്(കാസർഗോഡ്) |
| (ബി) | ഫയർ&റെസ്ക്യൂ സ്റ്റേഷനുകൾ ഇല്ലാത്ത താലൂക്കുകളിൽ അവ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്<br>തിരുരങ്ങാടി താലൂക്കിൽപ്പെട്ട വേങ്ങരയിൽ ഒരു ഫയർ സ്റ്റേഷൻ തുറന്ന് പ്രവർത്തിക്കുന്നതിന് തസ്തിക സൃഷ്ടിച്ച് ജി.ഒ(എം.എസ് ) നം. 159/2015/ആഭ്യന്തരം തീയതി: 31.07.2015 പ്രകാരം ഭരണാനുമതി നൽകിയിരുന്നു. മറ്റ് താലൂക്കുകളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല.സ്റ്റേഷനു വേണ്ടി വകുപ്പ് കണ്ടെത്തിയ കൊളപ്പുറം- തിരുരങ്ങാടി റോഡി ൽ കൊളപ്പുറത്ത് റീ-സർവ്വേ 311- ൽ ഉൾപ്പെട്ട ഏകദേശം 40 സെന്റ് പൊതുമരാമത്ത് വകുപ്പ് ഭൂമി വകുപ്പിന് കൈമാറുന്നതിന് അർത്ഥനാപത്രം നൽകിയിട്ടുണ്ട്. |
| (സി) | വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുവാൻ സ്ഥലപരിശോധന ഉൾപ്പെടെ നടന്നിട്ടുണ്ടോ; | (സി) | ഉണ്ട്.വെള്ളരിക്കുണ്ട് താലൂക്കിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ RS. No. 495/3-ലും (ചായ്യോം ബസാർ എന്ന സ്ഥലം) പരപ്പ വില്ലേജിൽ റി.സ നം. 155/പാർട്ടിലും ഭൂമി ലഭ്യമാണെന്നും കൂടുതൽ സ്ഥലം പരപ്പ വില്ലേജിലെ ആണെന്നും തഹസിൽദാർ അറിയിച്ചിരുന്നു.എന്നാൽ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള ശുപാർശ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത സ്റ്റേഷനുകൾ സ്ഥാപിക്കാൻ സ്ഥല പരിശോധന നടത്തിയത്; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഉണ്ട്.വെള്ളരിക്കുണ്ട് താലൂക്കിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിലെ RS. No. 495/3-ലും (ചായ്യോം ബസാർ എന്ന സ്ഥലം) പരപ്പ വില്ലേജിൽ റി.സ നം. 155/പാർട്ടിലും ഭൂമി ലഭ്യമാണെന്നും കൂടുതൽ സ്ഥലം പരപ്പ വില്ലേജിലെ ആണെന്നും തഹസിൽദാർ അറിയിച്ചിരുന്നു.എന്നാൽ തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചതിനു ശേഷം മാത്രമേ പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള ശുപാർശ പരിഗണിക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ